**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3804** **09-10-2025 - ൽ മറുപടിയ്ക്ക്**

**വിളപ്പിൽശാല അബ്ദുൽകലാം ശാസ്ത്ര സാങ്കേതിക സർവകലാശാല നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വിളപ്പിൽശാലയിൽ ആരംഭിക്കുന്ന അബ്ദുൽകലാം ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭ്യമായിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | എ.പി.ജെ. അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ ആസ്ഥാനമന്ദിരത്തിന്റെ നിർമ്മാണത്തിനായി 07.02.2024-ലെ G.O.(Rt)No.181/2024/HEDN നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 42 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 2,33,18,950/- രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ 2,50,00,000/- രൂപയും സർവ്വകലാശാലയുടെ വിളപ്പിൽശാലയിലെ ക്യാമ്പസിന്റെ ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി പദ്ധതിയിനത്തിൽ അനുവദിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ 3,80,00,000/- രൂപ പദ്ധതിയിനത്തിൽ വിളപ്പിൽശാലയിൽ ക്യാമ്പസ് റോഡുകൾ നിർമ്മിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. വിളപ്പിൽശാല ക്യാമ്പസ്സിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനായി 2025-26 സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ 7,95,30,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സർവകലാശാലയുടെ നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തിരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (ബി) | സർവ്വകലാശാലയുടെ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം നോൺ - പി.എം.സി ഏജൻസി ആയ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ആണ് ഏൽപ്പിച്ചിരിക്കുന്നത്. ഏജൻസി സമർപ്പിച്ച DSoR-2018 പ്രകാരമുള്ള എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭിക്കുകയും ചെയ്തു. തുടർന്ന് 12.04.2025-ലെ G.O.(P)No.11/2025/PWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം DSR 2021 നിരക്ക് പ്രകാരം എസ്റ്റിമേറ്റ് തുക റിവൈസ് ചെയ്യുന്നതിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി അപേക്ഷ സമർപ്പിക്കുകയുണ്ടായി. ഈ അപേക്ഷ 02.09.2025-ൽ നടന്ന 67-ാം സിൻഡിക്കേറ്റ് യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. എസ്റ്റിമേറ്റ് തുക, DSR-2018 നിരക്കിൽ തന്നെ |

| | | | |
|---|---|---|---|
| | | | തുടരുന്നതിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി ചർച്ച നടത്താനും അപ്രകാരം DSR-2018 നിരക്കിൽ തുടരുകയാണെങ്കിൽ അഡ്വാൻസ് തുക നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാമെന്നും സിൻഡിക്കേറ്റ് യോഗം തീരുമാനിക്കുകയുണ്ടായി. സിൻഡിക്കേറ്റ് യോഗത്തിന്റെ തീരുമാനപ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി 25.09.2025-ൽ നടത്തിയ ചർച്ചയുടെ മിനിട്സ് സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. സിൻഡിക്കേറ്റിന്റെ അംഗീകാരം ലഭിച്ചാലുടൻ തന്നെ ഏജൻസിയുമായി കരാറിൽ ഏർപ്പെടുകയും എസ്റ്റിമേറ്റിന്റെ 20% തുക മുൻകൂറായി നൽകിക്കൊണ്ട് ആസ്ഥാനമന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തങ്ങൾ ആരംഭിക്കുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ